ॐ

## നമഃ ശിവായ

## പഞ്ചാക്ഷര സ്തോത്ര പ്രവചനം

### 1
### പ്രഥമ ശ്ലോകം

**'നമഃ ശിവായ'** എന്നത് ശിവപഞ്ചാക്ഷരമന്ത്രമാകുന്നു. ഈ മന്ത്രത്തിനു മുമ്പായി ॐകാരം ചേർക്കുമ്പോൾ അതിനെ ഷഡക്ഷരമന്ത്രമെന്നു പറയുന്നു. ഇതൊരു വൈദിക മന്ത്രമാണ്. ജപ്യമന്ത്രമാണ്. വേറെയും മന്ത്രങ്ങളുണ്ട്. വൈദികമന്ത്രങ്ങളും അനേകമുണ്ട്. എന്നാൽ "നമഃശിവായ" മന്ത്രത്തിന് ഒരു വിശേഷതയുള്ളതെന്തെന്നാൽ ഇത് സംഹിതാഭാഗത്തിൽ വരുന്നു എന്നതാണ്. അന്യ ദേവതാമന്ത്രങ്ങൾ ഒട്ടുമിക്കവയും ബ്രാഹ്മണ ഭാഗങ്ങളിൽ കാണുന്നവയാണ്. ഉപനിഷത്തുക്കളിൽ വന്നവയാണ്. ബ്രാഹ്മണങ്ങളെ അപേക്ഷിച്ച് സംഹിതകൾക്ക് മഹത്വം കൂടും. മന്ത്രഭാഗങ്ങൾ (സംഹിത) വ്യാഖ്യേയവും ബ്രാഹ്മണഭാഗങ്ങൾ വ്യാഖ്യാനാത്മകവുമാണ്. അവ രണ്ടും അപൗരുഷേയങ്ങളാണെങ്കിലും സംഹിതാ മൂലവും, ബ്രാഹ്മണങ്ങൾ വ്യാഖ്യാനവുമാണ് അതിനാൽ മഹത്വം മൂലമായ സംഹിതക്ക് കൂടുതലായിരിക്കും.

**"നമഃ ശംഭവായ ച മയോഭവായ ച**
**നമഃ ശങ്കരായ ച മയസ്കരായ ച**
**നമഃ ശിവായ ച ശിവതരായ ച"**

ഇങ്ങനെയാണ് സംഹിതാപാഠം, ഇതിൽ, 'ച'കാരം കൊണ്ട് 'നമഃ' എന്നതിനെ ഊഹനം ചെയ്താൽ നമഃ ശംഭവായ, നമോ മയോഭവായ, നമഃ ശങ്കരായ, നമോ മയസ്കരായ, നമഃ ശിവായ, നമഃ ശിവതരായ എന്നി ആറു മന്ത്രങ്ങൾ കിട്ടും. ഇവയിൽ "നമഃ ശിവായ" യഥാശ്രുതമായി സ്പഷ്ടമാണ് ഊഹിതമല്ല എന്നു കാണാം. വൈദികമന്ത്രങ്ങളുടെ ആദ്യം'ॐ'കാരം ചേർത്തു ചൊല്ലി വരുന്നു. അപ്പോൾ 'ഓം നമഃ ശിവായ' എന്ന ഷഡക്ഷര മന്ത്രമായിത്തീരുന്നു. ഷഡക്ഷരമന്ത്രത്തിനും ഒരു സ്തോത്രമുണ്ട്. അതിന്റെ പ്രഥമശ്ലോകം:-

**"ഓംകാരം ബിന്ദുസംയുക്തം നിത്യം ധ്യായന്തി യോഗിനഃ ।**
**കാമദം മോക്ഷദം ചൈവ ഓംകാരായ നമോ നമഃ" ॥**

**'അ-ഉ-മ'** ഇവയാണ് ॐ കാരത്തിന്റെ മൂന്നു മാത്രകൾ. **'മ'** യിൽ നിന്ന് വേറിട്ട് ബിന്ദുവും നാദവും കൂടിയുണ്ട്. ഇപ്രകാരം അഞ്ചുമാത്രകളാകും. ഈ ഓം കാരത്തിന്റെ കുറച്ചുകൂടി സ്ഥൂലമായ രൂപമാണ് **"നമഃ ശിവായ"** എന്ന പഞ്ചാക്ഷരം. അതിന്റെ സ്ഥൂലരൂപമാണ് പഞ്ചവക്ത്രനും ത്രിനേത്രനുമായ ശങ്കര ഭഗവാന്റെ സ്വരൂപം.

സദ്യോജാതൻ, വാമദേവൻ, അഘോരൻ, തത്പുരുഷൻ, ഈശാനൻ ഇങ്ങനെ അഞ്ചു മുഖങ്ങളും പഞ്ചാക്ഷരങ്ങളുടെ സ്ഥൂലരൂപങ്ങളാണ്. ഇവിടെ ആചാര്യകൃതമായ പഞ്ചാക്ഷരസ്തോത്രത്തിന്റെ വ്യാഖ്യാനം നടത്തുമ്പോൾ അതിൽ നമ്മുടെ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്.

ഈ പഞ്ചാക്ഷരമന്ത്രം ഭഗവാൻ ശങ്കരന്റെ ശരീരം തന്നെയാണ്. **“മന്ത്രാത്മാനോ ദേവതാഃ”** എന്നാണ് മീമാംസകരുടെ മതം. ഉപാസനാകാണ്ഡത്തിലും ഇതു സ്വീകാര്യമാണ്. ക്ഷേത്രങ്ങളിലും മറ്റും പ്രതിഷ്ഠിച്ചിട്ടുള്ള ശിവലിംഗം തുടങ്ങിയവ ശങ്കരഭഗവാന്റെ അർച്ചാശരീരമാണ്. ‘അർച്ചാവതാരം എന്നും പറയാം. ശിവപുരാണത്തിൽ ശതരുദ്ര സംഹിതയിലും കോടിരുദ്രസംഹിതയിലും അർച്ചാവിഗ്രഹത്തെ അവതാരമായിട്ടുതന്നെ കണക്കാക്കുന്നു. അത് ശങ്കരന്റെ രൂപാത്മക ശരീരമാണ്. **“നമഃ ശിവായ’** മന്ത്രം നാമാത്മക ശരീരവുമാണ്. ഭഗവാനു രണ്ടുതരം ശരീരമുണ്ടെന്ന് മനസ്സിലാക്കുക. ഒന്ന് രൂപാത്മകവും രണ്ടാമത്തെത് നാമാത്മകവും. അർച്ചാശരീരം തുടങ്ങിയത് രൂപാത്മകം. വാങ്മയശരീരം നാമാത്മകം. പലദൃഷ്ടിയിലും വാങ്മയശരീരത്തിനാണ് മഹത്വം. പ്രതിഷ്ഠാവിധികൾ അനുസരിച്ചു പ്രതിഷ്ഠിക്കുന്നതായാൽ ശിവലിംഗം പ്രതിമ (വിഗ്രഹം) ആദിയായവ അർച്ചാ ശരീരമായിത്തീരും. എന്നാൽ അവയ്ക്ക് പ്രതിദിനം പൂജ വേണം. പ്രതിദിനപൂജയില്ലെങ്കിൽ അവ നാമമാത്ര ലിംഗങ്ങൾ മാത്രം. എന്നാൽ ‘നമഃ ശിവായ’ മന്ത്രം അപൗരുഷേയ വേദാന്തർഗ്ഗതമാകയാൽ എല്ലായെപ്പോഴും ഭഗവത് ശരീര രൂപം തന്നെയായി നിലകൊള്ളും. അതിൽ അനാദി സിദ്ധമായ ദേവത്വം ഉണ്ട്. ഈ മന്ത്രത്തിൽ കൃതക ദേവത്വമില്ല തന്നെ.

ഭഗവാനെ ശരീരത്തിനുള്ളിൽ പ്രതിഷ്ഠിക്കുന്നതിനു രണ്ടു ദ്വാരങ്ങളുണ്ട്. ഒന്ന് നേത്രം - രണ്ട് - കർണ്ണം. അർച്ചാവതാരങ്ങളായ ഭഗവാനെ നാം കണ്ണിലൂടെ നമ്മിൽ പ്രവേശിപ്പിക്കുന്നു. എന്നിട്ട് ഹൃദയത്തിനുള്ളിൽ നാം ഭഗവാനെ ദർശിക്കുന്നു. ക്ഷേത്രത്തിൽ ചെന്ന് ഒരു പ്രാവശ്യം ദർശനം പിന്നെ കണ്ണുകളടച്ച് ഉള്ളിന്റെ ഉള്ളിൽ ഭഗവദ്ദർശനം. അകത്തെ രൂപം നിത്യനൂതനമാക്കി നിർത്താൻ വേണ്ടി ഇടയ്ക്കിടയ്ക്ക് കണ്ണൊന്നു തുറന്നുനോക്കും, കണ്ണടയ്ക്കും. എന്നാൽ, ഉള്ളിലെ ഭഗവാനെ കാണാനുള്ള കഴിവ് ഒന്നു വേറെ തന്നെയാണ്. ഇവിടെ കണ്ണിലൂടെയാണ് ഭഗവത് പ്രവേശം. രണ്ടാമത്തെ ദ്വാരം കാതുകളാണ്. ചെവികളിലൂടെ ഭഗവാന്റെ വാങ്മയ ശരീരമാണ് നമ്മിൽ പ്രവേശിക്കുന്നത്. കണ്ണുകളിലൂടെ ഭഗവാനെ നമ്മിലേക്കു കൊണ്ടുവരുന്നതിന്റെ പരിണാമം പുണ്യപ്രാപ്തിയും മറ്റുമാണെന്ന് ശാസ്ത്രങ്ങളിൽ സാമാന്യമായി പറഞ്ഞിട്ടുണ്ട്. എന്നാൽ, ചെവികളിലൂടെ ഭഗവാനെ ഉള്ളിൽ പ്രവേശിപ്പിക്കുന്നതിനെ കുറിച്ച് ശാസ്ത്രകാരന്മാർ ‘ഢിം ഢിം’ എന്ന ഘോഷങ്ങളുടെ അകമ്പടിയോടെയാണ് പറഞ്ഞിട്ടുള്ളത്.

**"പ്രവിഷ്ടഃ കർണ്ണരന്ധ്രേണ സ്വാനാം ഭാവസരോരുഹം**
**ധുനോതി ശമളം ദേവഃ സലിലസ്യയഥാ ശരത്" ll**

ഭഗവാൻ കർണ്ണദ്വാരങ്ങളിലൂടെ പ്രവേശിച്ചാൽ നമ്മുടെ ഹൃദയമലാദിദോഷങ്ങളെല്ലാം സമൂലം പറിച്ചു കളയും. ആരുടെ ദോഷങ്ങൾ? സ്വാനാം -അവനവന്റെ ദോഷങ്ങളെ ഉന്മൂലനം ചെയ്യാം. സ്വ എന്നാൽ നമ്മുടെ, സ്വഗൃഹം, സ്വജനം എന്നിവകളിലെ 'സ്വ'. ഭഗവാനും സ്വാനാം ഹൃദയത്തിലാണ് കുടികൊള്ളുന്നത്. ഭഗവാന്റെ സ്വന്തം ആരാണ്? ആരാണോ ഭഗവാനെ സർവ്വസ്വമായി കാണുന്നത്, അവൻ ഭഗവാനും സ്വന്തം. കപിലമുനി പറയുന്നു:-

**"ന കർഹിചിന്മത്പരാഃ ശാന്തരൂപേ നങ്ക്ഷ്യന്തി**
**നോ മേ/നിമിഷോ ലേഢി ഹേതിഃ l**
**യേഷാമഹം പ്രിയ ആത്മാ സുതശ്ച സഖാ ഗുരുഃ**
**സുഹൃദോ ദൈവമിഷ്ടം ll"**

ആർക്കാണോ ഞാൻ പ്രിയ ആത്മാവാവും, പ്രിയപുത്രനും, പ്രിയ സഖാവുമായിട്ടുള്ളത് അവന് ഞാൻ ഇഷ്ടദൈവമാകുന്നു, അവൻ അനശ്വരനാകും, അവന്റെ കർണ്ണരന്ധ്രത്തിലൂടെ ഭഗവാൻ പ്രവേശിച്ചിട്ട് അവന്റെ ഹൃദ്കമലത്തിൽ ഉപവിഷ്ടനാകുന്നു. ഏതാണാ കമലം? ഭാവസരോരുഹം ഭാവരൂപിയായ കമലം ഹൃദയകമലം. ഇവിടെ പരമാത്മാവ് ആദ്യം തന്നെ വിരാജമാനനായിട്ടുണ്ട്. **"അഷ്ടദളോപരിവേഷ്ടിതലിംഗം"** അനഭിവ്യക്തമായാണ് ഈശ്വരൻ സ്ഥിതി ചെയ്യുന്നത് . ശ്രവണം ചെയ്യുമ്പോൾ ശബ്ദം ചൈതന്യത്തോടുക്കുടി അകത്തു കടന്ന് ആവരണ നിവൃത്തിയുണ്ടായി ആവിർഭൂതനാവുന്നു. അതുകൊണ്ട് ഇതു രണ്ടും കണ്ണും, ചെവികളും ഭഗവദ് പ്രവേശത്തിന്റെ മുഖ്യദ്വാരങ്ങളാണ്. വായും മൂക്കുമല്ല. അതിനാൽ ഈ മന്ത്രത്തിൽ പറയുന്നു.:-

**"ഭദ്രം കർണ്ണേഭിഃ ശ്രുണുയാമ ദേവാഃ l**
**ഭദ്രം പശ്യേമാക്ഷഭിർയജത്രാഃ"ll**

കാതുകൊണ്ട് നാം ഭദ്രമായതിനെ കേൾക്കുമാറാകട്ടെ. കണ്ണുകൊണ്ടു നാം ഭദ്രമായതിനെ കാണുമാറാകട്ടെ. അഭദ്രമായ വാക്കുകേട്ടാൽ മുള്ളുകൾ അകത്തെക്കു വരും. ഹൃദയകമലം മുള്ളുകൊണ്ടു വാടിപ്പോകും. ഹൃദയകമലം വാടിയിട്ടു പിന്നെ, മംഗളമായതു കേട്ടാലും ഭാഗവതകഥ കേട്ടാലും പൂർണ്ണഫലം കിട്ടില്ല. ഭഗവാൻ വരുമെന്നു തീർച്ച, പക്ഷെ മുള്ളുകൾ കണ്ട് പിന്നോട്ടു മാറി നിൽക്കും!

ഭഗവാന്റെ അകത്തെക്കുള്ള പ്രവേശന വാഹനം എന്ന നിലയിലാണ് ആചാര്യന്മാർ ശബ്ദത്തെ കാണുന്നത്. ശബ്ദം അതിന്റെ തന്നെ അർത്ഥത്തെയും വഹിച്ചാണു പോകുന്നത്. ശബ്ദവും അർത്ഥവും ഒന്നായി ശബ്ദാരൂഢനെന്ന അർത്ഥത്തിലായാലും ശബ്ദത്തോടൊപ്പം പരമാത്മാവ്

അകത്തു സ്വയം പ്രകാശിതമാകാൻ തുടങ്ങും. വാഹനം എത്ര വേഗതയുള്ളതാണോ, ഉൽകൃഷ്ടമാണോ ആത്മപ്രകാശത്തിനും അത്രയ്ക്ക് ഉൽകൃഷ്ടതയുണ്ടാകും. ലൗകിക ശബ്ദത്തിലും ഭഗവാൻ പ്രവേശിക്കും. ലൗകിക ശബ്ദങ്ങളെക്കാൾ ശ്രേഷ്ഠമാണ് പുരാണാദി ശാസ്ത്രങ്ങളിലെ ശബ്ദങ്ങൾ. അതിലും ഉൽകൃഷ്ടമാണ് വൈദികശബ്ദങ്ങൾ. വൈദിക ശബ്ദങ്ങളിൽ "നമഃ ശിവായ" മന്ത്രം ചരമോൽകൃഷ്ടതയിലെത്തിനിൽക്കുന്നു. ഇതിന്റെ സാധനകൊണ്ട് ജഡത്തിനുപോലും ജീവൻ വയ്ക്കും. മൂഢൻ ബുദ്ധിമാനാകും. ബുദ്ധിമാൻ ജ്ഞാനിയാകും. ജ്ഞാനിയോ, സാക്ഷാത്കാരവും നേടും!

ദക്ഷിണ ഭാരതത്തിൽ വിദ്വാനായ ഒരു ശിവഭക്തൻ ഉണ്ടായിരുന്നു. അപ്പയ്യാദീക്ഷിതർ എന്നു പേര്. അദ്ദേഹം വലിയ മീമാംസകനും വേദാന്ത സാഹിത്യകുശലനും സർവ്വോപരി ഭക്തനുമായിരുന്നു. "നമഃ ശിവായ" മന്ത്രം നിരന്തരം ജപിച്ചുകൊണ്ടിരിക്കും. അദ്ദേഹത്തിനു വേദാന്തികളായ അനേകം ശിഷ്യരുണ്ടായിരുന്നു. ഒരിക്കൽ അവർ ചോദിച്ചു:- "ഇത്ര വലിയ വേദാന്തിയായിട്ടും അങ്ങെന്തിനാണ് **"നമഃ ശിവായ'**യും ജപിച്ചു നടക്കുന്നത്? ദീക്ഷിതർ പറഞ്ഞു:- "എടോ! നിങ്ങൾക്ക് ഈ നമഃ ശിവായ മന്ത്രത്തിന്റെ മഹിമ അറിഞ്ഞുകൂടാ. ഇത് ജഡത്തെയും ചൈതന്യവത്താക്കുന്ന മന്ത്രമാണ്". ഇതുകേട്ട ഒരു ശിഷ്യൻ പറഞ്ഞു:- അങ്ങനെയെങ്കിൽ, ഈ കിടക്കുന്ന നന്ദി പ്രതിമയ്ക്ക് അങ്ങ് ജീവൻ കൊടുക്കുക." ദീക്ഷിതർ ആദ്യം ഒന്ന് പകച്ചു പോയി. പിന്നെ ധൈര്യം കൈവരിച്ചിട്ടു പറഞ്ഞു:- "ആട്ടെ, നീ ഒരു കെട്ടു പുല്ലു കൊണ്ടുവരിക", ശിഷ്യൻ ഒരു കെട്ടു പുല്ലു കൊണ്ടുവന്ന് നന്ദി പ്രതിമയ്ക്കു മുന്നിൽ വച്ചു. അപ്പയ്യ ദീക്ഷിതർ അതിനുമുമ്പിലിരുന്നു നമഃ ശിവായ ജപിക്കാൻ തുടങ്ങി. രാത്രി മുഴുവനും ജപം തുടർന്നു. ഗുരുക്കന്മാർ ചിലപ്പോഴെല്ലാം ശിഷ്യന്മാരെ വിഢ്ഢികളാക്കും എന്നു കരുതി ശിഷ്യനും ഉറക്കമിളച്ചിരുന്നു. പ്രഭാതമായി. സ്നാനവും ജപവും കഴിഞ്ഞു വന്ന ദീക്ഷിതർ ശിഷ്യനോടു ചോദിച്ചു. ഇവിടെ വച്ചിരുന്ന പുല്ല് എവിടെപ്പോയി? കാണാനില്ലല്ലോ!. നന്ദി പ്രതിമയുടെ പിന്നിലാണെങ്കിൽ ഒരു കുന്തി ചാണകവും കിടക്കുന്നു! ക്ഷേത്രത്തിൽ മറ്റാർക്കും പ്രവേശനവും ഇല്ലായിരുന്നു. വാതിലെല്ലാം പൂട്ടി താക്കോൽ ശിഷ്യൻ തന്നെ കൈവശം വച്ചിരിക്കുകയായിരുന്നു. സംശയത്തിന് ഇടവുമില്ല. തന്റെ ഗുരു ചതിപ്രയോഗമൊന്നും ചെയ്യില്ലെന്ന് ശിഷ്യനറിയാം. നന്ദിയുടെ കൽപ്രതിമയെ ജീവസ്സുറ്റതാക്കാൻ 'നമഃ ശിവായ' മന്ത്രത്തിനു കഴിഞ്ഞുവെന്നു മനസ്സിലാക്കിയ ആ ശിഷ്യന്മാർ വേദാന്തത്തോടൊപ്പം 'നമഃ ശിവായ' മന്ത്രദീക്ഷ സ്വീകരിച്ച് ജപവും തുടങ്ങി.

മന്ത്രവും ഭഗവാനും ഒന്നുതന്നെയാകട്ടെ, അല്ലാതിരിക്കട്ടെ, രണ്ടിനും സമാന സ്വരൂപമുണ്ട്. ഭഗവാന്റെ ഓരോ അംഗവും പൂർണ്ണമാണ്. ധ്യാന വിധി പറഞ്ഞിരിക്കുന്നതു നോക്കൂ:-

**"ഏകൈകശോ/ങ്ഗാനി ധിയാനു ഭാവയേത് പാദാദി യാവദ് ഹസിതം"**

ഭഗവാന്റെ പാദം മുതൽ മസ്തകം വരെ ഓരോരോ അംഗത്തെ ധ്യാനിക്കുക. ബുദ്ധിയിൽ ദർശിക്കുക. ഒരുമിച്ചല്ല, ആദ്യം പാദത്തെ ചിന്തിച്ച് അടുത്ത അവയവത്തെ ചിന്തിക്കുമ്പോൾ പാദത്തേയും കൂടി ചേർത്തു ചിന്തിച്ചുമല്ല.

**"ജിതം ജിതം സ്ഥാനമപോഹ്യ ധാരയേത്**
**പരം പരം ശുദ്ധ്യതി ധീര്യഥാ യഥാ ।"**

ഓരോ സ്ഥാനത്തെയും ജയിച്ചിട്ട്, അർത്ഥമാക്കുന്നതെന്തെന്നാൽ എത് അംഗത്തെ ധ്യാനിച്ചുറപ്പിച്ചോ അതുവിട്ട് അതിലും ഉയർന്നസ്ഥാനത്തെ (അംഗത്തെ)ചിന്തിക്കുക. അതനുസരിച്ച് ബുദ്ധി ശുദ്ധമാകും. ഇതിന്റെ അവസാനം എന്തു ചെയ്യണം? എല്ലാ അംഗങ്ങളെയും ഒരുമിച്ച് ചിന്തിക്കണോ അതോ ഇപ്രകാരം ഓരോന്നും വെവ്വേറെ ധ്യാനിക്കണോ? അങ്ങനെ ചെയ്താൽ അതു ധ്യാനമല്ലെന്നു മഹർഷി പതഞ്ജലി. അദ്ദേഹം പറയുന്നു:-

**"തത്ര പ്രത്യയൈകതാനതാ ധ്യാനം ।"**

പ്രത്യയ(ധ്യാന)ത്തിൽ ഏകതാനതവേണം. വിഷയങ്ങൾ മാറിമറിഞ്ഞുകൊണ്ടിരിക്കുന്നതിനാൽ ഏകതാനത ഉണ്ടാവില്ല. സകലഅംഗങ്ങളെയും ഒരുമിച്ചെടുത്ത് പ്രത്യയം ഉണ്ടാക്കി അവിടെ ഏകതാനതയുണ്ടാക്കാം എന്നാണെങ്കിൽ, അതു സാധ്യമല്ല തന്നെ. അതിനെ കുറിച്ച് പറയുന്നു:-

**"തത്രൈകാവയവം ധ്യായേദവ്യുച്ഛിന്നേന ചേതസാ ।"**

അവസാനം ഒരേയൊരു അവയവത്തെപ്പറ്റി വേണം ചിന്തിക്കാൻ. അവനവന്റെ ഇഷ്ടത്തിനനുസരിച്ച് ഏതെങ്കിലുമൊരവയവത്തെ ചിന്തിക്കുക. ഭഗവത്പാദമെങ്കിൽ പാദം. മുഖമെങ്കിൽ മുഖം. ഒരവയവത്തെമാത്രം ചിന്തിക്കുകയാണെങ്കിൽ അത് അപൂർണ്ണനായ ഭഗവാനെപ്പറ്റിയുള്ള ചിന്തയായിത്തീരുമോ? അതിനെ ഭഗവത്സ്മരണയെന്ന് എങ്ങനെ പറയും? എന്നാൽ ഭഗവാന്റെ ഓരോ അംഗവും പൂർണ്ണമാണ്. അപൂർണ്ണമല്ല, ഭഗവാൻ വ്യാപകനാണ്. പൂർണ്ണനാണ്. നിഷ്കലനാണ് ചന്ദ്രന്റെ പതിനാറു കലകൾ പതിനാറു അവയവമായി കണക്കാകുന്നതുപോലെയല്ല, താൽപര്യമെന്തെന്നാൽ ഭഗവത് ബുദ്ധിയാൽ ഒരു അവയവത്തെ ധ്യാനിക്കുകയാണെങ്കിൽ പൂർണ്ണഭഗവത് ധ്യാനം തന്നെയാകും. ഇത്രയും ഭഗവത് അർച്ചാ (രൂപാത്മക)ശരീരത്തെ കുറിച്ചുള്ള ചർച്ചയായി, നാമാത്മക (മന്ത്ര) ശരീര ചർച്ചയിലും സ്ഥിതി ഇതു തന്നെയാണ്. **"നമഃ ശിവായ'** മന്ത്രത്തിലെ ഓരോ അക്ഷരവും പൂർണ്ണമാണ്. പൂർണ്ണമന്ത്രസ്വരൂപം തന്നെയാണ്. ഇതു കൊണ്ടു തന്നെ അഞ്ചു ശ്ലോകത്തിന്റെയും അവസാനത്തിൽ **"നകാരായ നമഃ ശിവായ' "മ കാരായ നമഃ ശിവായ'** എന്നു പറയും. നകാരവും നമഃ ശിവായയും ഒന്നു തന്നെയാണ്. നമഃ ശിവായ തന്നെയാണ് നകാരവും

മകാരവും എന്നും, 'ന കാരായ നമഃ ശിവായ' 'മ കാരായ നമഃ ശിവായ' എന്നിവ അന്വയിക്കുകയാണെങ്കിൽ ന കാരം ശിവാനാണ് മ കാരം ശിവനാണ് എന്നിങ്ങനെയും അർത്ഥം കിട്ടും.

കേവലം 'ന ന ന ന' എന്നല്ല ജപം ചെയ്യേണ്ടത്. ജപത്തിൽ അ ഞ്ചക്ഷരവും വരും. പ്രശ്നോപനിഷത്തിൽ ഇപ്രകാരം പറഞ്ഞിട്ടുണ്ട്. **"ഏകമാത്രമോംകാരം ഏകമാത്ര മഭിധ്യായീത "** അ ഉ മ എന്നിങ്ങനെ മൂന്ന് മാത്രകൾ ॐ കാരത്തിലുണ്ട്, ആദ്യമാത്രയുടെ ജപം മനുഷ്യലോക പ്രാപ്തിയും ദ്വിതീയമാത്രയുടെ ജപം സോമലോകപ്രാപ്തിയും തൃതീയ മാത്രയുടെ ജപം ബ്രഹ്മലോകപ്രാപ്തിയുമാണ് ഫലം. എന്നാൽ ആദ്യ മാത്രയെന്നു പറഞ്ഞ് അ അ അ അ എന്നും ദ്വിതീയമാത്രയെന്നു പറഞ്ഞ് ഉ ഉ ഉ ഉ എന്നുമല്ല ജപിക്കുന്നത്. ഉച്ഛാരണം പൂർണ്ണ ॐ കാരത്തിന്റേതു തന്നെയാണ് എന്നാൽ അർത്ഥചിന്ത ഓരോരോ മാത്രയുടെയുമായിരിക്കും. അതുപോലെ ഇവിടെയും പൂർണ്ണ നമഃ ശിവായ മന്ത്രം ജപം ചെയ്യണം. അർത്ഥാനുസന്ധാനത്തിൽ ഓരോരോ വർണ്ണവും അതാതിന്റെ അർത്ഥം ശിവ സ്വരൂപത്തിലും വരും. **"നാമഗ്രഹണെ നാമൈകദേശഗ്രഹണം"** എന്നാണു പറഞ്ഞിരിക്കുന്നത്.

**"നമഃ ശിവായ"** മന്ത്രം അതീവപ്രഭാവമുള്ളതാണ്. ശ്രദ്ധാ-ഭക്തി പൂർവ്വകമായി മന്ത്രം ജപം ചെയ്ത് സിദ്ധമാക്കിയാൽ അത് പ്രഭാവം പ്രകട മാക്കുന്നതാണ്. ഭൂത-പ്രേതാദി ബാധയൊഴിപ്പിക്കും, ജീവിതം മംഗളമാക്കും അവസാനം മോക്ഷവും പ്രദാനം ചെയ്യും. എന്റെ ഒരു സഹപാഠിയായ ഒരു സന്യാസിയുണ്ടായിരുന്നു. അദ്ദേഹം ഏതോ ഒരു ഗ്രാമത്തിലെ ശ്മശാന ത്തിൽ രാത്രി കഴിഞ്ഞു കൂടിയപ്പോൾ പ്രേതബാധയുണ്ടായി. ശ്മശാന ങ്ങളും ശവകുടീരങ്ങളും ഭൂത-പ്രേതാദികളുടെ ആവാസകേന്ദ്രങ്ങളാണല്ലോ, യവനർക്ക് ശവശരീരം ദഹിപ്പിക്കുന്ന സംസ്കാരമില്ലാത്തതിനാൽ പ്രേത ങ്ങളായിത്തീരാറുണ്ട്. ആഴ്ചയിലൊരിക്കൽ ബാധയുണ്ടായി, ബോധക്ഷയം വന്ന് ഖുറാനിലെ വാക്യങ്ങൾ ഉരുവിടുമായിരുന്നു. ധാരാളം മന്ത്ര-തന്ത്ര ങ്ങൾ ചെയ്തു നോക്കിയിട്ടും ഫലമുണ്ടായില്ല. കുറച്ചു വർഷങ്ങളോളം അങ്ങനെ തുടർന്നു. അവസാനം അദ്ദേഹം ഉജ്ജൈനിലെത്തി, അവിടത്തെ അഖാഡയിൽ ഒരു സിദ്ധനായ സന്ധ്യാഗിരിയെന്ന മഹന്ത് ഉണ്ടായിരുന്നു. അദ്ദേഹം ഈകാര്യം മഹന്തിനോടു പറഞ്ഞപ്പോൾ, മഹന്ത് പറഞ്ഞു:- വിഷ മിക്കണ്ട, ഭൂത-പ്രേതാദി ബാധയൊഴിപ്പിക്കുന്നവൻ ഭോലേ ബാബയാണ്. അദ്ദേഹത്തിന്റെ കാര്യത്തിലാണ് **"ശ്മശാനേശ്വാക്രീഡ"** എന്നു വിശേ ഷണം വരുന്നത്. ചെപ്പിൽ നിന്നം കുറച്ചു ഭസ്മമെടുത്ത് മന്ത്രം ജപിച്ചു കൊടുത്തു. അന്നുമുതൽ ബാധ എന്നന്നേക്കുമായി ഒഴിഞ്ഞു പോയി, ഏതു മന്ത്രം ജപിച്ചാണ് ഭസ്മം കൊടുത്തത്? വിഭൂതിയുമായി **'നമഃ ശിവായ'** മന്ത്രത്തിന് പ്രത്യേക സംബന്ധമുണ്ട്. **"ചിതാഭസ്മാലേപാഃ"** ചെയ്യുന്ന

വൻ ഭഗവാൻ ശങ്കരൻ തന്നെയാണ്. ഇത് ഒരു പ്രത്യക്ഷമായ ഉദാഹരണമാണ്, സിദ്ധനായ ആ മഹന്ത് ഇന്നില്ലെങ്കിലും പ്രതാദി ബാധയുണ്ടായ ആ സന്ത് സന്യാസി മണ്ഡലേശ്വരനായി ജീവിച്ചിരിപ്പുണ്ട്. അദ്ദേഹത്തിന് ഖുറാൻ പോയിട്ട് ഉറുദു പോലുമറിയില്ല!. ശ്രീമത് ഭാഗവതത്തിലും ദുദൂകാരി പ്രേതമായ കഥയുണ്ട്. മരണശേഷക്രിയകൾ ചെയ്തില്ലെങ്കിൽ, ശ്മശാന സംസ്കാരം ചെയ്തില്ലെങ്കിൽ അജ്ഞാനികൾ കുറച്ചുകാലം പ്രേതമായി അലയാൻ സാധ്യതയുണ്ട്. അതിനാലാണ് മരണപ്പെട്ട വ്യക്തിക്കു വേണ്ടി ഭാഗവത പാരായണം ചെയ്യുന്നത്, അതും സാധിച്ചില്ലെങ്കിൽ പഞ്ചാക്ഷര ജപമെങ്കിലും ചെയ്യേണ്ടതാണ്.

അജ്ഞാനത്തിന്റെ പരമകാഷ്ഠയിലുള്ളവർ നമഃ ശിവായ ശൈവരുടെ മാത്രം മന്ത്രമായി കണക്കാകുന്നു. വിഷ്ണുസഹസ്രനാമത്തിലെ പതിനെഴാം ശ്ലോകത്തിൽ **"സർവ്വഃ ശവ്വഃ ശിവഃ സ്ഥാണുർഭൂതാദിനിർദീരവ്യയഃ"**എന്നു പാഠം ചെയ്യാറുണ്ട്. സഹസ്രനാമം സമഗ്രമായി പാഠം ചെയ്യുമ്പോൾ ഈ ഒരു നാമം ഒഴിവാക്കി പാഠം ചെയ്യാൻ സാധിക്കില്ല. ഇതിലെ മന്ത്രം 'വിശ്വം വിഷ്ണു' എന്നിങ്ങനെയല്ല. എന്നാൽ, അവസാനം "സർവ്വപ്രഹരണായുധ ഓം നമഃ" എന്നു കാണാം ഇതിൽ ഓം നമഃ എന്നതിന് ഓരോ നാമത്തിന്റെ കൂടെയും അനുകർഷമുണ്ട്. "നമഃ ശബ്ദത്തിന്റെ ബലത്താൽ ചതുർത്ഥ്യന്തം ഊഹിതമാകും, അങ്ങനെ, ഓം വിശ്വായ നമഃ ഓം വിഷ്ണവേ നമഃ ഇത്യാദി മന്ത്രങ്ങളാകും. അതിൻ പ്രകാരം, "ഓം നമഃ ശിവായ" എന്നതും മന്ത്രമാകും. ഒരിക്കൽ ഒരു പുഷ്ടിമാർഗ്ഗി, ഞാൻ ഗോപാല സഹസ്രനാമമാണ് മാനിക്കുന്നത്, എന്നിങ്ങനെ പറയുന്നുണ്ടായിരുന്നു. അപ്പോൾ ഞാൻ പറഞ്ഞു:-പക്ഷെ, താങ്കൾ വൈഷ്ണവനായിട്ടു കൂടി വിഷ്ണുവിനെയും നിരാകരിക്കുകയാണല്ലോ ചെയ്യുന്നത്, ഇത് വലിയ വിലക്ഷണകാര്യം തന്നെയാകുമല്ലോ!. ദക്ഷിണ ദേശത്തെ മധ്വസമ്പ്രദായക്കാരുമായി ഒരിക്കൽശാസ്ത്രാർത്ഥം വിശകലനം ചെയ്യേണ്ടി വന്നിട്ടുണ്ട്. ക്ഷേത്രജ്ഞപദം പരമാത്മാവിൽ രൂഢമെന്നാണ് അവർ സമർത്ഥിച്ചുകൊണ്ടിരുന്നത് എന്തെന്നാൽ, വിഷ്ണു സഹസ്രനാമത്തിൽ അനാദികാലം മുതലേ ക്ഷേത്രജ്ഞ പദം വന്നിട്ടുണ്ടെന്നും മറ്റും. എന്നാൽ ശിവശബ്ദവും വിഷ്ണു എന്ന അർത്ഥത്തിൽ രൂഢമായതിനാൽ താങ്കൾ "നമഃശ്ശിവായ" ജപിക്കാത്തതെന്തേ? എന്ന് ഞാനും ചോദിച്ചു.

●